**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5270** **31.10.2016-ൽ മറുപടിക്ക്**

## പോലീസ് പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) വിവിധകേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിലും പാതയോരങ്ങളിലും നിർത്തിയിടുന്നതുമൂലം അപകടമുണ്ടാകുന്നതും ഗതാഗത തടസ്സങ്ങൾ ഉണ്ടാകുന്നതും ആളുകൾ മരണപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഗതാഗതതടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; എന്നാൽ ഇതുമൂലം ആളുകൾ മരണപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കേരളത്തിലെ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിലും പാതയോരങ്ങളിലും ഇത്തരത്തിൽ അപകടകരമായ രീതിയിൽ നിർത്തിയിട്ട വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ? | (ബി) പോലീസ് സ്റ്റേഷനുകളിൽ കേസുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ കോടതിയുടെ നിർദ്ദേശമനുസരിച്ച് അതിന്റെ ഉടമസ്ഥർക്ക് വിട്ടു നൽകുന്നുണ്ട്. അവകാശികളില്ലാതെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്ന വാഹനങ്ങളെ KP Act 2011 Section 56 പ്രകാരം പൊതുലേലം നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നതും, ഇപ്രകാരം അവകാശികളില്ലാത്ത വാഹനങ്ങളെ G.O (MS) No.550/2014/Fin, dated 15.12.2014 ഉത്തരവ് പ്രകാരം MSTC LTD കമ്പനി മുഖാന്തിരം E-Auction ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ